കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# തകഴി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-2019

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ആലപ്പുഴ, ജില്ലാ ഓഡിറ്റ് കാര്യാലയം**

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി.1-180/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ, തീയതി.12.06.2020
ഫോൺ: 0477-2252753
ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തകഴി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : - തകഴി ഗ്രാമപഞ്ചായത്ത്- 2018 - 19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തകഴി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ എല്ലാ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി.1-180/2020 തീയതി: 12.06.2020

# ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.01.2019 മുതൽ 31.12.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | സന്തോഷ് കെ.വി,<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 25.01.2020 മുതൽ 04.02.2020 വരെ | ശ്രീമതി എൻ.സുജ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി ദീപാ കെ ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ശ്രീദേവി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. ലക്ഷ്മീകാന്ത് പി, ഓഡിറ്റർ |

**നിർവ്വഹണ അധികാരികൾ**

**1) പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി അംബികാ ഷിബു | 01.04.2018 മുതൽ 31.03.2019 വരെ |

**2) സെക്രട്ടറി**

| | |
|---|---|
| ശ്രീ.ഫിലിപ്പ്.വൈ | 01.04.2018 മുതൽ 31.03.2019വരെ |

**3) സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ /ചെയർപേഴ്സൺ**

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.ജോമ ബിജു | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | വികസനകാര്യം | ശ്രീമതി. റോസ് മിനി മാത്യു | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. പി. രഞ്ജിത്ത് | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യകാര്യം - വിദ്യാഭ്യാസകാര്യം | ശ്രീമതി. മേരി സിൻഡ്രല്ല | 01.04.2018 മുതൽ 31.03.2019 വരെ |

**4)മറ്റ് നിർവ്വഹണഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ**

| ക്രമ നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി പ്രിയങ്ക.വി.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | കൃഷി ഓഫീസർ | ശ്രീമതി റോഷ്ന. എസ് | 01.04.2018 മുതൽ 04.11.2018 വരെ |
| | | ശ്രീമതി രേഷ്മ ഗോപി | 05.11.2018 മുതൽ 31.03.2019 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി നിള. എം | 01.04.2018 മുതൽ 12.07.2018 വരെ |
| | | ശ്രീമതി ദീപ. കെ.എസ് | 13.07.2018 മുതൽ 31.03.2019 വരെ |
| 4 | ഹെഡ്മിസ്ട്രസ്സ് | ശ്രീമതി റജീനാമ്മ ജോസഫ് | 01.04.2018 മുതൽ 31.3.2019 വരെ |

| | | | |
|---|---|---|---|
| 5 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ശാന്തി ജയകുമാർ | 01.04.2018 മുതൽ 09.12.2018 വരെ |
| | | ഡോ.സൗമ്യാ ജോസഫ് | 10.12.2018 മുതൽ 31.03.2019 വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ജോഷ്മി പ്രതാപൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.പി.ജി.ഗീതാദേവി | 01.04.2018 മുതൽ 01.07.2018 വരെ |
| | | ഡോ. ഗീത. ജെ | 02.07.2018 മുതൽ 18.072018 വരെ |
| | | ഡോ.അരുൾജ്യോതി.ആർ | 19.07.2018 മുതൽ 31.03.2019 വരെ |
| 8 | വെറ്ററിനറി സർജൻ | ഡോ.അനീസ് ബഷീർ | 01.04.2018 മുതൽ 08.02.2019 വരെ |
| | | ഡോ.ജ്യോതിമോൻ സി | 09.02.2019 മുതൽ 28.02.2019 വരെ |
| | | ഡോ.ജോസ് ജോൺ | 01.03.2019 മുതൽ 31.03.2019 വരെ |
| 9 | വി.ഇ.ഒ, കുന്നമ്മ | ശ്രീ. അനീഷ്. എം.എച്ച് | 01.04.2018 മുതൽ 31.03.2019 വരെ |
| 10 | വി.ഇ.ഒ, തകഴി | ശ്രീമതി റസിയാബീവി. എം | 01.04.2018 മുതൽ 31.03.2019 വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി സിനി.എസ്.നായർ | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം – 1 |
|---|---|---|
| 1 | 1-1 മുതൽ 1-12 വരെ | പൊതുഅവലോകനം |

| | | |
|---|---|---|
| 2 | 1-13 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് ഫീസ് ഈടാക്കാത്തത് |
| 3 | 1-14 | പഞ്ചായത്ത് കടമുറികൾ വാടകയ്ക്ക് നൽകൽ -രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല |
| 4 | 1-15 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ |
| 5 | 1-16 | ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് - ഗ്രാമപഞ്ചായത്ത് അക്കൌണ്ടിൽ വരവു വെച്ചില്ല |
| 6 | 1-17 | സമയബന്ധിതമായി ചെലവു നടത്തുന്നില്ല.ഫണ്ട് ലാപ്സാകുന്നു |
| 7 | 1-18 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ |
| 8 | 1-19 | വള്ളം കളിക്ക് ധനസഹായം. കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല |
| 9 | 1-20 | പകർച്ചവ്യാധി പ്രതിരോധയജ്ഞം - പ്രവർത്തനം നടത്തിയതിലെ അപാകത |
| 10 | 1-21 | നിശ്ചിത തീയതിയിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല |
| 11 | 1-22 | ശമ്പള കുടിശ്ശിക-പരിഷ്കരിച്ച നിരക്കിനനുസൃതമായി പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കിയിട്ടില്ല |
| 12 | 1-23 | പെൺകുട്ടികൾക്ക് തായ് ക്വോണ്ടോ -പരിശീലനം - സുരക്ഷാ ഉപകരണങ്ങളില്ലാതെ പരിശീലനം നൽകി |
| 13 | 1-24 | ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു |
| 14 | 1-25 | ക്ഷേമപെൻഷനുകൾ |
| 15 | 1-26 | ദിവസവേതന ജീവനക്കാരെ നിയമിക്കൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് |
| 16 | 1-27 | വിനിയോഗ രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു |
| 17 | 1-28 | വെള്ളക്കരകുടിശ്ശിക-തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് |
| ഭാഗം – 2 | | |
| ഇല്ല | | |
| ഭാഗം – 3 | | |
| ഇല്ല | | |
| 18 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 19 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 20 | അനുബന്ധം.2 | |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 21.03.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 120499500 | 121455808 |
| വാർഷിക കണക്ക് പ്രകാരം | 68398531 | 58008682 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്-ചെലവുകൾ യഥാർത്ഥ വരവ്-ചെലവുകളുമായി വലിയ അന്തരം പുലർത്തുന്നു. മാന്വൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 25.04.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2018-19 | കെ.എസ്.എ-എ.എൽ.പി./പി1-535/19 തീയതി.27.06.2019 | വിശേഷണങ്ങളോടു കൂടിയത് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5626540.00 |
| വരവ് | 68398537.00 |
| ആകെ | 74025077.00 |
| ചെലവ് | 58008682.00 |
| നീക്കിയിരിപ്പ് | 16016395.00 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | റിമാർക്സ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13707897 | 13707897 | 13697028 | 10869 | വികസനഫണ്ട് (ജനറൽ) ശീർഷകത്തിൽ 3 ഗഡുക്കളിലായി ആകെ |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 0 | 6915000 | 6915000 | 3635076 | 3279924 | 14183000/-രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ 658890/- രൂപ വാട്ടർ അതോറിറ്റി വെള്ളക്കരം കുടിശ്ശികയിനത്തിൽ ഉറവിടത്തിൽ കുറവു ചെയ്ത തുകയാണ്. എന്നാൽ പ്രസ്തുത തുക ഉൾപ്പെടുത്താതെയാണ് ആകെ വരവും ചെലവും ACR, APS എന്നിവയിൽ കണക്കിലെടുത്തിട്ടുള്ളത്. തന്മൂലം ACR, APS എന്നിവ പ്രതിഫലിപ്പിക്കുന്നത് യഥാർത്ഥ വരവ് ചെലവ് കണക്കുകളല്ല. |
| വികസനഫണ്ട് ടി.എസ്.പി. | 0 | 98000 | 98000 | 0 | 98000 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5396000 | 5396000 | 4149494 | 1246506 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3108000 | 3108000 | 1633945 | 1474055 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 6583000 | 6583000 | 5234160 | 1348840 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 180 | 96613964 | 98 | 46086806 | 63 | 19 | 54 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 108712 | 566648 | 675360 | 639201 | 36159 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 37329818 | 37329818 | 37329818 | 0 |
| ആകെ | 108712 | 37896466 | 38005178 | 37969019 | 36159 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 167400 | 109 |
| കർഷകതൊഴിലാളി പെൻഷൻ | 13927000 | 1388 |
| വിധവാ പെൻഷൻ | 6718700 | 614 |
| വാർദ്ധക്യകാല പെൻഷൻ | 11538700 | 1289 |
| വികലാംഗ പെൻഷൻ | 2920700 | 255 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 308000 | 6 |
| വിവാഹധനസഹായം | 120000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

31.01.2020-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1130.00/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും അറിയുന്നതിലും പാലിക്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. 2016-2017 വർഷം സംയുക്തപ്രോജക്ടുകൾക്കായി പ്രത്യേക ട്രഷറി അക്കൌണ്ട് തുടങ്ങണമെന്ന നിർദ്ദേശം നാളിതുവരെ പാലിച്ചിട്ടില്ല.

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ വികസനഫണ്ടിൽ (പൊതുവിഭാഗം) ലഭിച്ച യഥാർത്ഥതുക അല്ല രേഖപ്പെടുത്തിയിട്ടുള്ളത്.

പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ വ്യക്തമാക്കുംവിധം സമയബന്ധിതമായി പദ്ധതി രൂപീകരണവും നിർവ്വഹണോദ്യോഗസ്ഥരുടെ ഫലപ്രദമായ ഏകോപനത്തിലൂടെ പദ്ധതി നിർവ്വഹണവും നടത്താൻ സാധിക്കാതിരുന്നതിനാൽ വികസനപ്രവർത്തനങ്ങൾക്കുപകരിക്കേണ്ടിയിരുന്ന 7360194/- രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമായി.

സ്റ്റോക്ക് രജിസ്റ്റർ ശരിയായ മാതൃകയിൽ സൂക്ഷിക്കുന്നില്ല. തപാലുകളുടെ തീർപ്പ് സംബന്ധിച്ച് കൃത്യത ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമല്ല. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-1-2020 | 12/2019 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26-2-2018 | 2012-2013 to 2016-17 | 26-7-2018 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

കെ.എസ്.എ-എ.എൽ.പി./പി1-535/19 തീയതി 27.06.2019 പ്രകാരം പുറപ്പെടുവിച്ച അക്കൗണ്ട് സർട്ടിഫിക്കറ്റിൽ പ്രതിപാദിച്ചിരുന്ന അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് ഫീസ് ഈടാക്കാത്തത്

2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് നിലവിൽ വന്നതോടെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെയും, 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെയും ഡി & ഒ ലൈസൻസ് ഫീസ് എന്നത് ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു.

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നൽകുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ചുവടെ

കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ചട്ടം.7 പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല എന്ന് കണ്ടു.

| ക്രമ നം : | സ്ഥാപനം |
|---|---|
| 1 | പഞ്ചായത്ത് പരിധിക്കുള്ളിലെ 10 റേഷൻ കടകൾ |
| 2 | പഞ്ചായത്ത് പരിധിക്കുള്ളിലെ 4 കള്ള് ഷാപ്പുകൾ |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:9, തീയതി 01/02/2020) ലഭ്യമാക്കിയ മറുപടിയിൽ, മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് .

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 പഞ്ചായത്ത് കടമുറികൾ വാടകയ്ക്ക് നൽകൽ -രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ഓഡിറ്റ് വർഷം പഞ്ചായത്തിന്റെ കടമുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ഹാജരാക്കിയ രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്ത് വാടകക്കാരുമായി കരാർ ചമച്ചിട്ടുള്ളതായി കാണുന്നില്ല. ശൂന്യമായ മുദ്രപ്പത്രങ്ങൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. വാടകയ്ക്ക് നല്കിയ 4 കടമുറികളിൽ നിന്നും നിശ്ചിത സംഖ്യ വാടക ഈടാക്കുന്നുണ്ട്. ഈ തുക എങ്ങനെ നിശ്ചയിച്ചു എന്നതിന് വ്യക്തതയില്ല. വാടകകാരിൽ നിന്നും ഈടാക്കുന്ന പിഴ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. വാടക തുക സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി കടമുറികൾക്ക് ആദ്യം നിശ്ചയിച്ച വാടക, വാടക കൃത്യമായി അടയ്ക്കാത്ത പക്ഷം ഈടാക്കേണ്ട പിഴ, വാടക സംബന്ധിച്ച മറ്റു നിബന്ധനകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുന്ന രേഖകൾ എന്നിവ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം: 11, തീയതി 01/02/2020 ) ലഭിച്ച മറുപടിയിൽ, 10 വർഷത്തിൽ അധികമായി ടി കരാറുകാർ കടമുറികൾ ഉപയോഗിച്ച് വരുന്നതായും, ഇവരുമായി ഉണ്ടാക്കിയ കരാർ ഉടമ്പടി പഞ്ചായത്തിൽ ലഭ്യമല്ലെന്നും, പ്രസ്തുത ഫയലുകൾ 2018 ലെ പ്രളയത്തിൽ നഷ്ടപ്പെട്ടതായും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഇപ്പോൾ ഒടുക്കു വരുത്തുന്ന തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. വാടകക്കാരുമായി കരാർ ഉടമ്പടി പുതുക്കി രേഖകൾ ഓഡിറ്റിൽ പരിശോധനക്കു വിധേയമാക്കേണ്ടതാണ്. വാടകവിവരങ്ങളും പിഴ സംബന്ധിച്ച വിവരങ്ങളും കൃത്യമായി പോസ്റ്റ് ചെയ്ത് രജിസ്റ്റർ പൂർണ്ണമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

2018-19-ലെ തൊഴിൽ നികുതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽപെടുന്ന റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 8, തീയതി 01/02/2020) ലഭിച്ച മറുപടിയിൽ പഞ്ചായത്ത് പരിധിയിൽപെടുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണന്ന് അറിയിച്ചിട്ടുണ്ട്.

ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്ന ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് - ഗ്രാമപഞ്ചായത്ത്

### അക്കൗണ്ടിൽ വരവു വെച്ചില്ല

ഗ്രാമപഞ്ചായത്ത് 2018-19 വർഷം ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെന്റർ ഫീസിനത്തിൽ 9784/- രൂപ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ തുടരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | ടെണ്ടർ ഫീസ് |
|---|---|---|
| 1 | കുന്നമ്മ ചന്ത മുതൽ പടിഞ്ഞാറോട്ട് റോഡ് കോൺക്രീറ്റിങ് | 1344 |
| 2 | ആർ.ഒ.പ്ലാന്റ് റെയിൽവേ സ്റ്റേഷൻ റോഡ് കോൺക്രീറ്റിങ് | 1568 |
| 3 | അഞ്ചിൽ മുതൽ സി.എസ്.ഐ. പള്ളി വരെ റോഡ് ടാറിങ് | 1250 |
| 4 | തെന്നടി എൽ.പി.എസ്.നു ചുറ്റുമതിൽ നിർമ്മാണം | 1120 |
| 5 | അറുപതിൽ പാലം മുതൽ കിഴക്കോട്ട് റോഡ് കോൺക്രീറ്റിങ് | 1252 |
| 6 | 85-ാം നമ്പർ അങ്കണവാടി നിർമ്മാണം | 3250 |

ഓൺലൈനായി ഒടുക്കിയ തുക ഇതേ വരെയും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല. ഈ തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-17 സമയബന്ധിതമായി ചെലവു നടത്തുന്നില്ല - ഫണ്ട് ലാപ്സാകുന്നു

സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ യഥാസമയം ചെലവഴിക്കാത്തതിനാൽ വർഷാവർഷം പഞ്ചായത്തിന് വൻതുക നഷ്ടമാകുന്നു.

2018-2019 സാമ്പത്തിക വർഷാവസാനം പഞ്ചായത്ത് ചെലവാക്കാതെ ശേഷിച്ച ഫണ്ടിന്റെ വിവരം താഴെ പറയുംപ്രകാരമാണ്.

| | |
|---|---|
| വികസനഫണ്ട് (ജനറൽ) | 10869 |
| വികസനഫണ്ട് (എസ്.സി. പി) | 3279924 |
| സി.എഫ്. സി | 1348840 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 1246506 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 1474055 |
| ആകെ | 7360194 |

മുൻവർഷം ചെലവഴിക്കാതെ ശേഷിച്ച ഫണ്ട് തദ്ദേശസ്ഥാപനങ്ങൾക്ക് പിന്നീട് അനുവദിച്ചിട്ടില്ല. ഫലത്തിൽ ഇവ നഷ്ടപ്പെട്ട സ്ഥിതിയാണ്. മുൻവർഷങ്ങളിലും ഇതേസ്ഥിതി ആയിരുന്നു എങ്കിലും ഇതിനെ അതിജീവിക്കാൻ പഞ്ചായത്ത് ശ്രമിച്ചിട്ടില്ല. ലഭിക്കുന്ന ധനസഹായം സമയബന്ധിതമായി

ചെലവഴിക്കുന്നതിന് ധനകാര്യസ്ഥിരംസമിതി കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ്.

### 1-18 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

കെട്ടിടം - തകഴി ഗ്രാമപഞ്ചായത്ത് പരിധിയിൽ 24 അങ്കണവാടികൾ പ്രവർത്തിക്കുന്നു. അതിൽ 11 എണ്ണം സ്വന്തം കെട്ടിടത്തിലും 13 എണ്ണം വാടകകെട്ടിടത്തിലും പ്രവർത്തിക്കുന്നു. സ്വന്തമായി സ്ഥലമുള്ള 2 എണ്ണത്തിന്റെ കെട്ടിടം പണി പുരോഗമിക്കുന്നു.

കുടിവെള്ളം- 20 അങ്കണവാടികളിൽ മാത്രമാണ് കുടിവെള്ള കണക്ഷൻ ഉള്ളത്.

ടോയ്‌ലെറ്റ്- സെന്റർ നം. 86-ലും 29-ലും യൂറിനൽ മാത്രമാണ് ഉള്ളത്. മറ്റുള്ളവയിൽ ടോയ്‌ലറ്റ് സൌകര്യം ഉണ്ട്.

വൈദ്യുതി- 4 എണ്ണത്തിനൊഴികെ ബാക്കി എല്ലാ അങ്കണവാടികൾക്കും വൈദ്യുതി കണക്ഷൻ ഉണ്ട്.

ചുറ്റമതിൽ- 3 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റമതിൽ ഉള്ളത് .

ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം- എല്ലാ അങ്കണവാടികൾക്കും സംഭരണപ്പെട്ടി ഉണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ്- അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടം നിലവിൽ സുരക്ഷിതമാണോ എന്ന് പരിശോധിച്ച് നൽകുന്ന ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് 2018-19 - ൽ എല്ലാ അങ്കണവാടികൾക്കും ലഭിച്ചിട്ടുണ്ട്.

അങ്കണവാടികളുടെ പ്രവർത്തനം സാമാന്യം തൃപ്തികരമെങ്കിലും 13 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഇല്ലാത്തതും, ചുറ്റമതിൽ, ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഗൗരവമേറിയ വിഷയമാണ്. അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം.31055/ഡി.സി.2/2011/ത.സ്വ.ഭ.വ /22.03.2011-ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-19 വള്ളം കളിക്ക് ധനസഹായം - കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല

ചമ്പക്കുളം മൂലം വള്ളം കളിക്കുള്ള സംഭാവനയായി മൂലം ജലോത്സവസമിതി ജനറൽ കൺവീനർക്ക് നൽകുന്നതിനായി 15000/-രൂപ (ചെക്ക് നമ്പർ 12923 തീയതി. 30.06.2018) പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.12/03.02.2020) മറുപടിയിൽ കൈപ്പറ്റ രസീത് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചു. ഇക്കാരണത്താൽ 15000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-20 പകർച്ചവ്യാധി പ്രതിരോധയജ്ഞം - പ്രവർത്തനം നടത്തിയതിലെ അപാകത

പകർച്ചവ്യാധി പ്രതിരോധയജ്ഞം പ്രവർത്തനങ്ങൾക്ക് തകഴി ഗ്രാമപഞ്ചായത്തിലെ വാർഡ്തല സാനിട്ടേഷൻ സമിതികൾക്ക് 140000/- രൂപ ശുചിത്വമിഷൻഫണ്ടും 70000/- രൂപ തനത് ഫണ്ടും നൽകിയിട്ടുണ്ട്. ഈയിനത്തിൽ ഓരോ വാർഡിനും 15000/- രൂപ വീതം ലഭിച്ചിട്ടുണ്ട്. വാർഡുകളിൽ വിവിധ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വൗച്ചറുകൾ പ്രകാരം 6, 7, 12 എന്നീ വാർഡുകളിൽ റെഡിമെയ്ഡ് ക്ലോത്ത് ബാഗ് വാങ്ങുന്നതിന് താഴെപറയും പ്രകാരം തുക ചെലവഴിച്ചതിന്റെ ബാക്കി മാത്രമാണ് ശുചീകരണത്തിന് വിനിയോഗിച്ചത്. പനിക്കശ്ശേരി ഏജൻസീസ്, തൃപ്രയാർ, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നമ്പർ | തുക/ഇൻവോയ്സ് നം./തീയതി | ഇനം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 7 | 3750/- ഇൻവോയ്സ് നം. 151/തീയതി 13.02.19 | റെഡിമെയ്ഡ് ക്ലോത്ത് ബാഗ് |
| | | 4200/- ഇൻവോയ്സ് നം.152/തീയതി 13.02.19 | റെഡിമെയ്ഡ് ക്ലോത്ത് ബാഗ് |
| 2 | 12 | 4990/-ഇൻവോയ്സ് നം.206/തീയതി 28.03.19 | റെഡിമെയ്ഡ് ക്ലോത്ത് ബാഗ് |
| 3 | 6 | 9298/- ഇൻവോയ്സ് നം. 209/തീയതി 28.03.19 | റെഡിമെയ്ഡ് ക്ലോത്ത് ബാഗ് |

മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി മൺസൂൺ ആരംഭിക്കുന്നതിന് മുൻപായി ഏപ്രിൽ – മെയ് മാസങ്ങളിൽ ഉറവിട മാലിന്യ നിർമ്മാർജ്ജനം, നീർച്ചാലുകളുടെ ശുചീകരണം, ക്ലോറിനേഷൻ തുടങ്ങിയ പ്രവൃത്തികൾക്കാണ് ഈ തുക ചെലവഴിച്ചുവരുന്നത്. മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഉദ്ദേശ്യലക്ഷ്യമായ രോഗപ്രതിരോധ നടപടികൾ കൈക്കൊള്ളുന്നതിനുപകരം പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/03.02.2020) ലഭിച്ച മറുപടിയിൽ ഈ വാർഡുകളിൽ നേരത്തേ തന്നെ ശുചീകരണപ്രവർത്തനങ്ങൾ നടന്നിരുന്നു എന്നും ഹരിതകേരള മിഷന്റെ ഭാഗമായ പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനാണ് തുണി സഞ്ചികൾ വിതരണം ചെയ്തത് എന്നും അറിയിച്ചു. എന്നാൽ മുൻപ് ശുചീകരണം നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് നൽകിയില്ല. മഴക്കാല ശുചീകരണ ഫണ്ട് പ്രസ്തുത ആവശ്യത്തിനായി മാത്രം ചെലവഴിക്കുന്നതിന് വാർഡ് സാനിട്ടേഷൻ സമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-21 നിശ്ചിത തീയതിയിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല

പഞ്ചായത്തിൽ 2018-2019 വർഷത്തിൽ നടപ്പാക്കിയതും കരാറുകാരുടെ വീഴ്ച മൂലം സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമായ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും നിയമാനുസൃത ഫൈൻ ഈടാക്കിയിട്ടില്ല. 2012 - ലെ പുതുക്കിയ PWD മാന്വൽ പ്രകാരം (GO(P)13/2012/PWD/01.02.2012) കരാർ ഉടമ്പടിയനുസരിച്ചുള്ള നിശ്ചിത തീയതിക്കകം തന്നെ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എ.സി.2/223/15 ത.സ്വ.ഭ.വ തീയതി 18.08.18 സർക്കുലർ പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണത്താൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയില്ലെന്ന് ബോധ്യമുള്ള പക്ഷം പൂർത്തീകരണ കാലാവധിക്കുള്ളിൽ തന്നെ പൂർത്തീകരണ തീയതി ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കേണ്ടതും, അതിൻമേൽ എഞ്ചിനീയറുടെ ശുപാർശയോടെ പൂർത്തീകരണ കാലാവധി പഞ്ചായത്ത് കമ്മിറ്റിക്ക് ദീർഘിപ്പിച്ച് നൽകാവുന്നതുമാണ്. കരാർ ഉടമ്പടി പ്രകാരമുള്ള നിശ്ചിത കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം ആദ്യത്തെ മൂന്ന് മാസം വരെ കരാർ തുകയുടെ 1% (1000 രൂപയിൽ കുറയാതെയും 50000/- രൂപയിൽ കവിയാതെയും) പിഴ ചുമത്താവുന്നതും പിന്നീട് വേണ്ടിവരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% (2000/-രൂപയിൽ കുറയാതെയും 100000/-രൂപയിൽ കവിയാതെയും) പിഴ ചുമത്താവുന്നതാണ്.

എന്നാൽ പഞ്ചായത്തിൽ നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികൾ കരാറുകാർ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. കരാറുകാരുടേതായ കാരണത്താലാണ് പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാതിരുന്നതെങ്കിലും അവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടുമില്ല. പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിലേക്കായി കരാറുകാരൻ നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കുകയോ,

അസിസ്റ്റന്റ് എഞ്ചിനീയർ ആയത് പരിഗണിച്ച് പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുവാൻ ശുപാർശ ചെയ്യുകയോ, പഞ്ചായത്തു കമ്മിറ്റി ഇതിന് അനുമതി നൽകുകയോ ചെയ്തിട്ടില്ല. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ ഫൈൻ ഈടാക്കുന്നതു സംബന്ധമായ വ്യവസ്ഥ കരാറുകാരൻ വച്ച എഗ്രിമെന്റിൽ വിശദമായി ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും (ക്രമ നം. 7) ഇത് മറികടന്ന് പിഴ ഈടാക്കാതിരുന്നതുവഴി ഉണ്ടായ അധിക ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

**1) നന്നാട്ടുമാലി പാലം മുതൽ തെക്കോട്ട് റോഡ് അറ്റകുറ്റപ്പണി (പ്രോജക്ട് നം. S0202/19)**

എസ്റ്റിമേറ്റ് - 2,00,000/-

കരാറുകാരൻ - ശ്രീ. കെ.കെ. വർക്കി

എഗ്രിമെന്റ് - 44/AE/lsgd 19.03.2018

എഗ്രിമെന്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലയളവ് - 4 മാസം

പി.എ.സി - 2,00,000/-

അളവു പുസ്തകം - 169/18 -19

ട്രഷറി ബിൽ നം./തീയതി - 22/26.12.2018 – 1,00,000/-

ചെക്ക് നമ്പർ - -68804/-

പ്രവൃത്തി ആരംഭിച്ച തീയതി - 19/3/2018

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 18/07/2018

പ്രവൃത്തി പൂർത്തീകരിച്ച തീയതി - 19/11/2018

ഫൈൻ ഈടാക്കേണ്ടിയിരുന്ന കാലയളവ് -19/07/2018 മുതൽ 19/11/2018 വരെ
ഈടാക്കേണ്ടിയിരുന്ന ഫൈൻ

a) 19/07/2018 മുതൽ 18/08/2018 വരെ (1%) - 2000/-

b) 19/08/2018 മുതൽ 19/11/2018 വരെ (2%) = 4000/-

ആകെ ഈടാക്കേണ്ടിയിരുന്ന ഫൈൻ = 6000/-

**2)കമ്പലോടി മുതൽ ഉപ്പ് കുട്ടുങ്കൽ വരെ റോഡ് പുനരുദ്ധാരണം (പ്രോജക്ട് നം. S0175/19)**

എസ്റ്റിമേറ്റ് - 1,50,000/-

കരാറുകാരൻ - ശ്രീ. തോമസ് ആന്റണി

എഗ്രിമെന്റ് - 21/AE/lsgd /TKY 27.12.2017

എഗ്രിമെന്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലയളവ് - 6 മാസം

പി. എ. സി - 1,42,800/-

അളവു പുസ്തകം - 168/18 -19

ട്രഷറി ബിൽ നം./തീയതി - 23/26.12.2018 – 1,09,650/- രൂപ

പ്രവൃത്തി ആരംഭിച്ച തീയതി - 27/12/2017

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 26/06/2018

പ്രവൃത്തി പൂർത്തീകരിച്ച തീയതി - 12/11/2018

ഫൈൻ ഈടാക്കേണ്ടിയിരുന്ന കാലയളവ് -26/06/2018 മുതൽ 12/11/2018 വരെ

ഈടാക്കേണ്ടിയിരുന്ന ഫൈൻ

a) 26/06/2018 മുതൽ 10/08/2018 വരെ (1%) = 1428/-

b) 11/08/2018 മുതൽ 12/11/2018 വരെ (2%) = 2856/-

ആകെ ഈടാക്കേണ്ടിയിരുന്ന ഫൈൻ = 4284/-

ഫൈൻ തുക കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യത ആയിരിക്കും.

## 1-22 ശമ്പള കുടിശ്ശിക-പരിഷ്കരിച്ച നിരക്കിനനുസൃതമായി പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കിയിട്ടില്ല

സ.ഉ.(പി)7/2016/ ഫിൻ.തീയതി. 20.01.2016 പ്രകാരം സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/14 മുതൽ 01/16വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി നൽകുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവ് പ്രകാരം പരിഷ്കരിച്ച ശമ്പളത്തിനനുസൃതമായ പെൻഷൻ കോൺട്രിബ്യൂഷൻ 01.07.2014 മുതൽ ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിരുന്നു.തകഴി ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് 2018-19 സാമ്പത്തികവർഷം ശമ്പള കുടിശ്ശികയുടെ അവസാന രണ്ടുഗഡുക്കൾ താഴെപ്പറയുന്ന ചെക്കുകൾ പ്രകാരം അനുവദിച്ചിട്ടുണ്ട്.

ചെക്ക് നം. 8639610 തീയതി 13.07.2018 തുക- 134915

ചെക്ക് നം. 24263 തീയതി.12.10.2018 തുക-115018

ചെക്ക് നം. 24264 തീയതി.12.10.2018 തുക-14473

എന്നാൽ ഈ ജീവനക്കാരുടെ പുതുക്കിയ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/03.02.2020) മറുപടി ലഭിച്ചില്ല. ജീവനക്കാരുടെ പുതുക്കിയ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 പെൺകുട്ടികൾക്ക് തായ് ക്വോണ്ടോ -പരിശീലനം - സുരക്ഷാ ഉപകരണങ്ങളില്ലാതെ പരിശീലനം നൽകി

പ്രോജക്റ്റ് നം. - S0106/19

നിർവ്വഹണം -ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്, തെന്നടി

അടങ്കൽ -200000/- വികസന ഫണ്ട് (പരിശീലനം- 36000, യൂണിഫോം, സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ-164000)

ചെലവ് - 36000 ബിൽ നമ്പർ 3/18-19 തീയതി 14.03.2019

ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ് നടപ്പാക്കിയ പെൺകുട്ടികൾക്ക് സ്വയം സുരക്ഷാ പരിശീലനം എന്ന പ്രോജക്ടിൽ തകഴി ശിവശങ്കരപ്പിള്ള സ്മാരക ഗവ.യു.പി.സ്കൂളിലെ 51 കുട്ടികൾക്കാണ് തായ് ക്വോണ്ടോ പരിശീലനം നൽകിയിട്ടുള്ളത്. സെപ്റ്റംബർ 2018 മുതൽ ഫെബ്രുവരി 2019 വരെയുള്ള 6 മാസ കാലയളവിലാണ് പരിശീലനം നടന്നത്. കുട്ടികൾക്ക് തായ് ക്വോണ്ടോ പരിശീലനം നൽകുന്നതിനായി ശ്രീ. സുജിത്ത്. ആർ നായർ എന്ന പരിശീലകനെ നിയമിക്കുകയും പരിശീലകന്റെ വേതനം ഇനത്തിൽ 36000/-രൂപ ( 6x6000=36000) 2018-19-ൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രോജക്ടിൽ സൂചിപ്പിച്ചിട്ടുള്ള യൂണിഫോം, സുരക്ഷാ ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടില്ല. ആയോധന കലയായ തായ് ക്വോണ്ടോ പരിശീലിക്കുമ്പോൾ പരിശീലന ഉപകരണങ്ങളും സുരക്ഷാ ഉപകരണങ്ങളും അനിവാര്യമാണ്.

കൂടാതെ പ്രോജക്ട് റിപ്പോർട്ടിൽ പരിശീലന സമയത്ത് ധരിക്കേണ്ട സംരക്ഷണ കവചങ്ങൾ (ശിരോകവചം, ചെസ്റ്റ് ഗാർഡ്, കൈസംരക്ഷണകവചം, രഹസ്യഭാഗ സംരക്ഷണ കവചം മുതലായവ) പരിശീലന ഉപകരണങ്ങൾ (കിക്കിംഗ് പാഡ്, കിക്കിംഗ് ഷീൽഡ്) എന്നിവയെപ്പറ്റി വിശദമായി പ്രതിപാദിച്ചിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ പരിശീലന ഉപകരണങ്ങൾ സുരക്ഷാ ഉപകരണങ്ങൾ എന്നിവ ഇല്ലാതെ തായ് ക്വോണ്ടോ പരിശീലനം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/01.02.2020) പ്രളയാനന്തരം പഞ്ചായത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകേണ്ടതുകൊണ്ട് ഉപകരണങ്ങൾ ടെണ്ടർ വിളിച്ച് പർച്ചേസ് ചെയ്യുന്നതിന് കാലതാമസം നേരിട്ടു എന്നാണ് നിർവ്വഹണഉദ്യോഗസ്ഥ മറുപടി നൽകിയത്. കൂടാതെ യൂണിഫോം സുരക്ഷാ ഉപകരണങ്ങൾ എന്നിവ 2019 ഫെബ്രുവരി അവസാനം ലഭ്യമായി എന്നും തുടർന്നുള്ള പരിശീലനം (2019-2020) ഇവ ഉപയോഗിച്ചാണ് അഭ്യസിപ്പിച്ചതെന്നും അറിയിച്ചു.

സുരക്ഷാ ഉപകരണങ്ങൾ, യൂണിഫോം എന്നിവ ലഭിക്കുന്നതിനുമുൻപ് കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാതെയും പരിശീലന ഉപകരണങ്ങൾ ഇല്ലാതെയും അടിയന്തിരമായി പരിശീലനം ആരംഭിച്ചത് ശരിയായ നടപടി അല്ല. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-24 ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു

പ്രോജക്ട് നം.S0218/19-പച്ചക്കറി ഫലവൃക്ഷതൈ വിതരണം (സ്പിൽ ഓവർ പ്രോജക്ട്)

നിർവ്വഹണം- കൃഷി ഓഫീസർ

അടങ്കൽ - 58500 (46800-വികസനഫണ്ട്,11700-ഗുണഭോക്തൃവിഹിതം)

ചെലവ് - 46800

മേൽ പ്രോജക്ടിലേയ്ക്ക് കറിവേപ്പ്,പ്ലാവ്,കാന്താരി തൈ ഇവയുടെ ഒരു യൂണിറ്റിന് 75/-രൂപ പ്രകാരം 780 യൂണിറ്റുകൾ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും വാങ്ങി സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടുണ്ട്. കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ 58500/- രൂപയുടെ ബിൽ (ഇൻവോയിസ് നം. AMB413/17-18 തീയതി. 21.03.2018) ഹാജരാക്കിയിട്ടുണ്ട്. ഈ ആവശ്യത്തിനായി 46800/- രൂപ പിൻവലിച്ച് സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം യൂണിറ്റിന് 15/- രൂപ വീതം പിരിച്ച് 11700/- രൂപ 2017-18 സാമ്പത്തിക വർഷം തന്നെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിരുന്നു. എന്നാൽ ഈ തുക പച്ചക്കറി, ഫലവൃക്ഷതൈ എന്നിവ വിതരണം ചെയ്ത സ്ഥാപനത്തിന് നൽകാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. ഈ വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 ക്ഷേമപെൻഷനുകൾ

വിവിധ പെൻഷൻ അപേക്ഷകൾ ലഭിക്കുന്ന തീയതി, പരിശോധനാ ഉദ്യോഗസ്ഥനു കൈമാറുന്ന തീയതി, തിരികെ നൽകുന്ന തീയതി, അംഗീകരിക്കുന്ന/നിരസിക്കുന്ന തീയതി എന്നിവ രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കണമെന്നും അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കപ്പെടുന്നു എന്ന് നിരീക്ഷിക്കണമെന്നും നിർദ്ദേശം ഉണ്ടെങ്കിലും ഓഡിറ്റ് കാലയളവിൽ ഇപ്രകാരമുള്ള രേഖപ്പെടുത്തൽ വരുത്തിയല്ല രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. ആയതിനാൽ സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കപ്പെടുന്നുണ്ടോ എന്നു വിലയിരുത്താൻ സാധിക്കുന്നില്ല.

പ്രാഥമിക സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പെൻഷനുകളുടെ വിവരം മോണിറ്റർ ചെയ്യുന്നതിനായി സംഘങ്ങളും തദ്ദേശസ്വയംഭരണസ്ഥാപന പ്രതിനിധികളും ഉൾപ്പെടുന്ന മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കണമെന്നും പെൻഷൻ വിതരണം മോണിറ്റർ ചെയ്യണമെന്നും വ്യവസ്ഥയുണ്ട് എങ്കിലും ഇപ്രകാരമൊരു കമ്മറ്റി രൂപീകരിച്ച് തുടർ പരിശോധന നടത്തുന്നില്ല. ബന്ധപ്പെട്ട വാർഡിലെ ജനപ്രതിനിധി മുഖേന വിവരം മോണിറ്റർ ചെയ്യുന്നുണ്ടെന്നും, തൊട്ടടുത്ത പഞ്ചായത്ത് കമ്മറ്റിയിൽ തന്നെ മേൽ

നിർദ്ദേശാനുസൃതം മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതിന് തീരുമാനം എടുക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. സേവനാവകാശ നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ അപേക്ഷകൾ തീർപ്പാക്കുന്നു എന്ന് സെക്ഷന്റെ ചുമതലയുള്ള ജീവനക്കാരനും, സൂപ്പർവൈസറി കേഡറിലുള്ള ഉദ്യോഗസ്ഥരും, ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റിയും ഉറപ്പുവരുത്തേണ്ടതാണ്.

## 1-26 ദിവസവേതന ജീവനക്കാരെ നിയമിക്കൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

1997-ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ, ചട്ടം 8 പ്രകാരം നിലവിലുള്ള ഏതെങ്കിലും ഒഴിവിലേക്ക് ജീവനക്കാരെ ഉടൻ ലഭ്യമല്ലാത്ത സാഹചര്യത്തിൽ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലേബർ & റീ ഹാബിലിറ്റേഷൻ ഡിപ്പാർട്ട്മെന്റിന്റെ 5-2-2014-ലെ 25941/G2/2013 സർക്കുലർ പ്രകാരം പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേക്കുമുള്ള നിയമനങ്ങൾക്ക് എപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സേവനം പ്രയോജനപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ, 26-12-2016 ൽ തൊഴിലും നൈപുണ്യവും (ജി) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 1046913/G2/2016 കത്തുപ്രകാരം വീണ്ടും എല്ലാ സ്ഥാപനമേധാവികൾക്കും 05.02.2014-ലെ സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിരുന്നു. ചട്ടപ്രകാരം നിലവിലുള്ള ഒഴിവിലേക്കു മാത്രമേ നിയമനം നടത്താൻ പാടുള്ളൂ എന്നും പി.എസ്.സി വഴി പെട്ടെന്ന് നിയമനം സാധ്യമല്ലാത്ത സാഹചര്യങ്ങളിൽ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ആയിരിക്കണം എന്നുമുള്ള നിർദ്ദേശം പാലിക്കുന്നതായി കാണുന്നില്ല.

കൂടാതെ സർക്കാർ ഉത്തരവ് 28/2016 dt.26-2-2016 പ്രകാരം പുറപ്പെടുവിച്ച ദിവസവേതന നിയമനം സംബന്ധിച്ച നിർദ്ദേശങ്ങൾക്ക് കൂടുതൽ വ്യക്തത വരുത്തികൊണ്ട് 11-1-2019 ലെ ധന വകുപ്പിന്റെ 3/2019 സർക്കുലർ പ്രകാരം സർക്കാർ അംഗീകാരം ഇല്ലാത്ത തസ്തികകളിൽ സർക്കാരിന്റെ മുൻകൂർ അനുവാദത്തോടെ മാത്രമേ നിയമനം നടത്താവൂ എന്ന് നിർദ്ദേശിച്ചിരുന്നു. ഗ്രാമപഞ്ചായത്തിൽ 2018-2019 വർഷം ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നൊരു തസ്തിക നിലവിലില്ല. എന്നാൽ ശ്രീമതി നീതു കുഞ്ഞുമോൻ എന്നയാളെ ഡാറ്റാ എൻട്രി ഓപ്പറേറ്ററായി നിയമിച്ചിട്ടുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട ഡാറ്റാ എൻട്രി ജോലികൾ, ജനനമരണ വിവാഹ രജിസ്ട്രേഷൻ ബാഡ് ഡാറ്റാ ഡിജിറ്റലൈസേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഡാറ്റാ എൻട്രികൾ എന്നിവ അടിയന്തിര സ്വഭാവമുള്ളതും സമയബന്ധിതമായി ചെയ്തു തീർക്കേണ്ടതുമായതിനാലാണ് എംപ്ലോയ്മെന്റിൽ നിന്നും നിയമനം നടത്താതിരുന്നത് എന്നും പഞ്ചായത്ത് കമ്മറ്റിയുടെ അനുമതിയോടു കൂടിയാണ് ഇപ്രകാരം ഒരു നിയമനം നടത്തിയിട്ടുള്ളത് എന്നും അറിയിച്ചിട്ടുണ്ട്. താൽക്കാലിക നിയമനങ്ങൾ നടത്തുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ കണക്കിലെടുക്കേണ്ടതാണ്.

## 1-27 വിനിയോഗ രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

താഴെപ്പറയുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഏജൻസികൾക്ക് തുക മുൻകൂറായി നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. തീയതി | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ (P.No.54/19) | 130/8-2-2019 | 13,00,000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (P.No.248/19) | 23/18-19<br>dt 9-3-19 | 1290000 |
| ആകെ | | | 2590000 |

ഡെപ്പോസിറ്റ് വർക്കുകൾക്കായി നൽകിയ തുകയുടെ വിനിയോഗം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 25,90,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. തുകയുടെ വിനിയോഗസാക്ഷ്യപത്രം, പ്രവൃത്തിയുടെ പൂർത്തീകരണ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-28 വെള്ളക്കരകുടിശ്ശിക-തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

31-03-2018-ൽ പഞ്ചായത്തിന്റെ വെള്ളക്കരകുടിശ്ശിക 18956805/- രൂപ ആയിരുന്നു. വാട്ടർ അതോറിറ്റിയുടെ കണക്കുപ്രകാരം 330 ടാപ്പുകളുടെ കരമാണ് ഒടുക്കുന്നത്. നിലവിൽ കൃത്യമായി വാട്ടർചാർജ്ജ് ഒടുക്കി വരുന്നുണ്ട്. മുൻ വർഷങ്ങളിൽ പദ്ധതികൾ വഴിയും, സോഴ്സ് ഡിഡക്ഷൻ വഴിയും വെള്ളക്കരമിനത്തിൽ തുക ഒടുക്കു വരുത്തുന്നുമുണ്ട്. എന്നിരിക്കിലും പഞ്ചായത്തിന്റെ കുടിശ്ശികയിൽ വർദ്ധനവാണ് പ്രകടമാകുന്നത്. 2018-19 വർഷത്തിലും 658890/-രൂപ വികസന ഫണ്ടിൽ നിന്നും സോഴ്സ് ഡിഡക്ഷൻ നടത്തിയിരുന്നു. ഇതിനു പുറമെ പൊതുആവശ്യ ഗ്രാന്റിൽ നിന്നും ഈ ഇനത്തിൽ 619216/- രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടുണ്ട്. എന്നാൽ ഡിമാന്റിൽ ഇതു കുറവു വരുത്തിയിട്ടില്ല. സോഴ്സിൽ നിന്നും കുറവു ചെയ്യുന്ന തുകകൾ വാട്ടർ അതോറിറ്റിയുടെ പ്രാദേശിക ഓഫീസിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്നില്ല എന്നാണ് വിശദീകരിച്ചിട്ടുള്ളത്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണത്തിന്റെ കൃത്യത ഉറപ്പു വരുത്തിയിട്ടുണ്ടോ, വർഷങ്ങളായി ഗാർഹിക കുടിവെള്ള കണക്ഷൻ ഇനത്തിൽ തുക ചെലവഴിക്കുന്നതിനാൽ പൊതുടാപ്പുകളുടെ ആവശ്യകത പുനഃപരിശോധിച്ചിട്ടുണ്ടോ, കുടിശ്ശിക തുക കൃത്യമാക്കുന്നതിനും കുടിശ്ശിക നിവാരണത്തിനുമായി പഞ്ചായത്ത് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്, എന്നീ വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ ജോയ്ന്റ് വേരിഫിക്കേഷനുവേണ്ടി പലപ്രാവശ്യം വാട്ടർ അതോറിറ്റി അധികാരികളോട് രേഖാമൂലവും അല്ലാതെയും ആവശ്യപ്പെട്ടിരുന്നു എന്നാൽ നാളിതുവരെയായി സംയുക്തപരിശോധന നടത്തുന്നതിനോ തുക ഒടുക്കിയിട്ടുള്ളത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള കണക്കുകൾ നൽകാനോ തയ്യാറായിട്ടില്ല എന്നും അറിയിക്കുകയുണ്ടായി. കുടിശ്ശിക തുക കൃത്യമാക്കുന്നതിനും, കുടിശ്ശിക നിവാരണത്തിനും അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയിലെ ഉന്നത ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് കുടിശ്ശിക തുക കൃത്യമാക്കുന്നതിനും, കുടിശ്ശിക നിവാരണത്തിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 400000 | പാലിന് സബ്സിഡി | 400000.00 | 0 |
| | | 200000 | പാലിയേറ്റീവ് കെയർ | 189692.00 | 10308 |
| | | 100000 | അംഗൻവാടി പോഷകാഹാരം | 15163.00 | 84837 |
| | | 2253235 | ലൈഫ് ഭവന പദ്ധതി | 1043206.00 | 1210029 |
| | | 175000.00 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 175000.00 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | അങ്കണവാടി പോഷകാഹാരം | 0 | 100000 |
| | | 1159534 | ലൈഫ് ഭവന പദ്ധതി | 853399 | 306135 |
| | | 500000 | പാലിന് സബ്സിഡി | 500000 | 0 |
| | | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | | 580000 | അങ്കണവാടിനിർമ്മാണം | 0 | 580000 |

### 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ | 130/8-2-2019<br>195/20-3-2019 | 1300000.00<br>95285.00 | 0<br>95285.00 | 1300000.0<br>(80% തുക ചെലവഴിച്ചിട്ടുണ്ട് എന്ന് ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 23/18-19 dt.9-3-2019 | 1290000.00 | 0 | 1290000.00 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(ms)No.10/18 dt.30.07.18 | 11624195.00 | - | - | - | 11624195.00 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം,ഖണ്ഡിക നം. | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2002-2003<br>ഖ.2-3 | ഖ.3.26.1 | 2007-2008 | സമ്പൂർണ്ണശുചിത്വ പദ്ധതിയിലെ ധനദുർവിനിയോഗം | ഉത്തരവാദിയായ വിഇ.ഒ ക്കെതിരെ ആർ.ആർ.നടപടികൾ സ്വീകരിച്ചു. |
| 2002-2003<br>ഖ.2-9 | ഖ.3.21.2 | 2007-2008 | രേഖകൾ ഹാജരാക്കാതിരുന്നത് 13500/- രൂപ | പരാമർശം നിലനിൽക്കുന്നു |

## 4-8. ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9. ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 68398537.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58008682.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2605000 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 15000 | ശ്രീ.ഫിലിപ്പ്. വൈ, സെക്രട്ടറി |
| 1-27 | 2590000 | ശ്രീ.ഫിലിപ്പ്.വൈ, സെക്രട്ടറി |
| ആകെ | 2605000 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഫിലിപ്പ്. വൈ,സെക്രട്ടറി | സെക്രട്ടറി,തകഴി ഗ്രാമ പഞ്ചായത്ത് | വടുതല ഹൗസ്, ചേപ്പാട് പി.ഒ, ആലപ്പുഴ |
| പ്രിയങ്ക വി.എസ്, അസിസ്റ്റന്റ് എൻജിനീയർ | ലഭ്യമല്ല. | വൈജയന്ത്. ടി.സി, 11/1665, ചാരാച്ചിറ, കവടിയാർ പി.ഒ, തിരുവനന്തപുരം |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടുകളുടെ വിവരം |
|---|---|
| 1996-97 മുതൽ 2004-05 വരെ | എൽ.എഫ്.ജിഎ5-1832/11, തീയതി 21.03.2012 |
| 2005-06 മുതൽ 2009-10 വരെ | എൽ.എഫ്.ജിഎ5/1577/13, തീയതി 16.05.2014 |
| 2010-11 & 2011-12 | എൽ.എഫ്.എ.പി.1/1491/13, തീയതി 07.08.2013 |
| 2012-13 & 2013-14 | എൽ.എഫ്.എ.പി.1/1959/2014, തീയതി 15.01.2015 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി.1-658/16, തീയതി 04.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി.1-1483/16, തീയതി 06.01.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി.1-614/17, തീയതി 16.06.2017 |

| | |
|---|---|
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി.1-320/19, തീയതി 06.06.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

**അനുബന്ധം.1**

കെ.എസ്.എ-എ.എൽ.പി./പി1-535/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688011, തീയതി: 27.06.2019
ഫോൺ: 0477 2252753
email: ddhglfalpy@gmail.com

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018 /ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തകഴി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**അനുബന്ധം.2**

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ